മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സിനിമ കാണുന്നതിന് ഞാൻ തടസ്സം നിൽക്കുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സമയമുണ്ടെങ്കിൽ ഞാൻ അതിനോട് യോജിക്കുകയാണ്.

മി. സ്പീക്കർ : ബുധനാഴ്ച നിയമസഭ പിരിഞ്ഞതിനുശേഷം സിനിമ പ്രദർശിപ്പിക്കാൻ കഴിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സഭയുടെ അഭിപ്രായമനുസരിച്ച് എങ്ങനെവേണമെങ്കിലും ചെയ്യാം. ഡേറ്റ് ഫിക്സ് ചെയ്യുന്ന കാര്യം അവരുമായി സംസാരിച്ചതിനുശേഷം അങ്ങയെ അറിയിക്കാം.

അടിയന്തര പ്രമേയ നോട്ടീസ്

മി. സ്പീക്കർ : സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ പ്രശ്നം നിയമസഭയിൽ ഈ സമ്മേളനത്തിൽത്തന്നെ പല തരത്തിലും പല രൂപത്തിലും വന്നതാണ്. മാത്രമല്ല, ഇതൊരു ജുഡിഷ്യൽ കമ്മീഷന്റെ മുന്നിലുള്ള പ്രശ്നവുമാണ്. ഈ സഭാസമ്മേളനത്തിൽത്തന്നെ വളരെയധികം പ്രാവശ്യം ചർച്ച ചെയ്ത ഒരു വിഷയം വീണ്ടും ഇന്ന് വന്നിരിക്കുകയാണ്. ഈ വിഷയം അടിയന്തരപ്രമേയമായിട്ടല്ല, ആദ്യത്തെ സബ്മിഷനായി അനുവദിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ജുഡിഷ്യൽ കമ്മീഷന് എതിരായിട്ടുള്ള പരാമർശം കോടതിക്കെതിരായ പരാമർശമാണ്. ജുഡിഷ്യറിക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ ഈ ഗവൺമെന്റ് അനുവാദം കൊടുക്കുമോയെന്ന് ഞങ്ങൾക്കറിയണം. ഈ വിഷയം അടിയന്തരപ്രമേയത്തിലൂടെയല്ലാതെ എങ്ങനെയാണ് ചർച്ച ചെയ്യുന്നത്.

മി. സ്പീക്കർ : ആദ്യത്തെ സബ്മിഷനായി എടുക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ജുഡിഷ്യറിക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവകാശമുണ്ട്. ഈ ഗവൺമെന്റ് അത് അനുവദിച്ചു കൊടുക്കണം.

ശ്രീ. എ. കെ. ബാലൻ : സർ, വളരെ സീരിയസ്സായ വിഷയമായതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലൻ, ഈ വിഷയം സഭയിൽ എടുക്കാൻ കഴിയില്ല എന്ന് പറഞ്ഞിട്ടില്ല. ഇന്നതന്നെ ആദ്യത്തെ സബ്മിഷനായി എടുക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ സഭയിലെ 65 മെമ്പർമാരുടെ അഭിപ്രായം അങ്ങ് മാനിക്കുകയില്ലേ? ഞങ്ങൾ പറയുന്നത് ചട്ടവിരുദ്ധമല്ല, യഥാർത്ഥത്തിൽ റൂൾ 50 -ൽ വരുന്ന ഒരു അടിയന്തരപ്രമേയമാണിത്.

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഈ വിഷയം ഇന്നുതന്നെ ആദ്യത്തെ സബ്മിഷനായി സഭയിൽ എടുക്കാം. ....(ബഹളം).... ഇതിന്റേതായ പ്രാധാന്യത്തോടുകൂടിത്തന്നെ ആദ്യത്തെ സബ്മിഷനായി എടുക്കാം.

(റൂൾ 50 പ്രകാരം അടിയന്തര പ്രമേയമായി അനുവദിക്കാതിരുന്ന സ്പീക്കറുടെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ നിന്നെഴുന്നേറ്റ് ബഹളം വച്ചുകൊണ്ടിരുന്നു.)

ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. ....(ബഹളം).... ഇതേ സഭയിൽത്തന്നെ പല രൂപത്തിൽവന്ന വിഷയമാണിത്. ഇത് സഭയിൽ എടുക്കേണ്ട എന്ന് ചെയർ പറഞ്ഞില്ല. ഇന്നുതന്നെ ആദ്യത്തെ സബ്മിഷനായി പ്രാധാന്യത്തോടെതന്നെ എടുക്കാം. ദയവായി അംഗങ്ങൾ സഹകരിക്കണം.

(പ്രതിപക്ഷാംഗങ്ങൾ ഡയസിന് സമീപം വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. ഇന്നുതന്നെ ആദ്യത്തെ സബ്മിഷനായി എടുക്കാം. ദയവായി അംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് തിരിച്ചുപോകണം. സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. .... (ബഹളം) .... ഈ സഭാസമ്മേളന കാലത്തുതന്നെ പല രൂപത്തിൽ വന്ന വിഷയമാണിത്. ഇന്ന് ആദ്യത്തെ സബ്മിഷനായി അനുവദിക്കാം. ബഹുമാനപ്പെട്ട അംഗങ്ങൾ സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. ....(ബഹളം).... ആദ്യത്തെ സബ്മിഷനായി അനുവദിക്കുകയും ആവശ്യമുള്ള സമയം നൽകുകയും ചെയ്യാം. .... (ബഹളം).... പ്ലീസ്.... പ്ലീസ്.. ....(ബഹളം).... ചെയർ പ്രശ്നമൊന്നും ഉണ്ടാക്കുന്നില്ല. ....(ബഹളം).... ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് മടങ്ങിപ്പോകുന്നില്ലെങ്കിൽ ചെയറിന് അടുത്ത നടപടിയിലേക്ക് കടക്കേണ്ടിവരും. ദയവായി അവരവരുടെ സീറ്റുകളിലേക്ക് മടങ്ങിപ്പോകണം. .... (ബഹളം).... അടുത്ത നടപടിയിലേക്ക് ചെയറിന് കടക്കേണ്ടിവരും. ദയവായി സീറ്റുകളിലേക്ക് മടങ്ങിപ്പോകണം. സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. ചെയർ അടുത്ത നടപടിയിലേക്ക് കടക്കുകയാണ്.

(സ്പീക്കറുടെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിനു മുന്നിലും സ്പീക്കറുടെ ഇരിപ്പിടത്തിന് സമീപവും വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സ്പീക്കർ കാര്യ വിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേക്ക് കടക്കുന്നതായും ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുന്നതായും അറിയിച്ചു.)